**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3854** **06-08-2021 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ അവസാന വർഷത്തെ ബജറ്റിൽ വള്ളിക്കുന്ന് മണ്ഡലത്തിനായി ജലസേചന വകുപ്പിന് കീഴിൽ 20% ഫണ്ട് വകയിരുത്തിയ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | മുൻ സർക്കാരിന്റെ അവസാന വർഷത്തെ ബജറ്റിൽ 20% ശതമാനം തുക വകയിരുത്തിയ വള്ളിക്കുന്ന് നിയമസഭാ മണ്ഡലത്തിലെ ചേലേമ്പ്ര പഞ്ചായത്തിൽ പുല്ലിപ്പുഴയ്ക്ക് കുറുകെ SWE ചെക്ക് ഡാം കം റെഗുലേറ്റർ നിർമ്മാണ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷനു വേണ്ടി സൂപ്രണ്ടിംഗ് എഞ്ചിനീയർ തയ്യാറാക്കിയ 7.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ ഭേദഗതികൾ ആവശ്യമാണെന്ന് ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബിയുടെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കി വരികയാണ്. |
| (ബി) | നിലവിൽ ജലസേചന വകുപ്പിന് കീഴിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കേണ്ട ഏതൊക്കെ പ്രവൃത്തികളാണ് ബാക്കി ഉള്ളത്; അവയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ? | (ബി) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ മുന്നിയൂർ ഗ്രാമപഞ്ചായത്തിൽ മുഴിക്കൽ കനാലിൽ 2 ഷട്ടറുകളുടെ ഓപ്പറേറ്റിങ് മെക്കാനിസം ഉൾപ്പെടെ സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് പന്ത്രണ്ട് ലക്ഷത്തി അൻപതിനായിരം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ജലസേചനവും ഭരണവും കാര്യാലയത്തിനു കീഴിൽ വള്ളിക്കുന്ന് മണ്ഡലത്തിൽ നടപ്പിലാക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം 1</u>

**വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും കാര്യാലയത്തിനു കീഴിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക ലക്ഷത്തിൽ | സ്റ്റാറ്റസ് |
|---|---|---|---|
| | MLA-ADF-മുന്നിയൂർ ഗ്രമ പഞ്ചായത്തിൽ വാർഡ് നമ്പർ 18 ൽ കാര്യാട് ബ്രിഡ്ജിനു താഴെ (near play ground /Stadium) കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം | 36.00 | പ്രവൃത്തി 30% പൂർത്തിയായി |
| | പ്രകൃതി ദുരന്തം - എസ്ഡിആർഎഫ് - 2019 - വള്ളിക്കുന്ന്പഞ്ചായത്തിലെ പൊറാഞ്ചേരിലിപ്രംകടവ് റോഡിനുസമീപം കടലുണ്ടി പുഴയുടെ ഇടതുകര സംരക്ഷണം (റീച്ച്-2&3) | 25.10 | പ്രവൃത്തി 15% പൂർത്തിയായി |
| | SDRF - വള്ളിക്കുന്ന് പഞ്ചായത്തിലെ SVECB യുടെ അറ്റകുറ്റ പ്രവർത്തികൾ | 10.6 | പ്രവൃത്തി പുരോഗതിയിലാണ് |
| | മുന്നിയൂർ പഞ്ചായത്തിലെ മുള്ളൻകുഴി എൽ.ഐ.സ്കീമിലെ സക്ഷൻ ഡെലിവറി പൈപ്പുകൾ സ്ഥാപിക്കലും പമ്പ്സെറ്റ് പ്രവൃത്തികളുടെ ഇലക്ട്രിക്കൽ വർക്കും | 15.00 | പ്രവൃത്തി പുരോഗതിയിലാണ് |

**വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക ലക്ഷത്തിൽ | സ്റ്റാറ്റസ് |
|---|---|---|---|
| | എം.ഐ.ക്ലാസ്സ്-1 - മലപ്പുറം ജില്ലയിലെ മൂന്നിയൂർ പഞ്ചായത്തിൽ പാപ്പന്നൂർചാലി-വെളിമുക്ക് ചാലി - ജലസേചന പദ്ധതി | 420.00 | ഭരണാനുമതി നൽകുന്നതിനായി സർക്കാരിന്റെ പരിഗണനയിലാണ് |
| | മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് പഞ്ചായത്തിൽ പരപ്പാലിൽ അരിയല്ലൂർ ബീച്ചിൽ തീരസംരക്ഷണത്തിനു വേണ്ടി CWPRS മുഖേനയുള്ള ഹൈഡ്രോളിക് മോഡൽ പഠനം | 9.74 | 9.30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. GST ഉൾപ്പെടെ അധിക തുകക്കുള്ള ഭരണാനുമതി നൽകുന്നകാര്യം പരിഗണനയിലാണ് |

| | | | |
|---|---|---|---|
| | എഎസ്ഇ- വള്ളിക്കുന്ന് പഞ്ചായത്തിൽ ബാഫഖി നഗറിൽ സിഇഎസ് സിപി - 1729 നും 1735 നും ഇടയിൽ 1000 മീ. നീളത്തിൽ കടൽഭിത്തിയുടെ പുനർനിർമ്മാണം | *329.16* | |
| | പ്രകൃതിദുരന്തം -2021-2022 എഎസ്ഇ പ്രവൃത്തി- വള്ളിക്കുന്ന് പഞ്ചായത്തിലെ ആനങ്ങാടി ബീച്ചിന്റെ തെക്ക് ഭാഗത്ത് 270 മീ നീളത്തിൽ (from CESCP 1736) കോർവാൾ ഉപയോഗിച്ചുള്ള അടിയന്തിര സംരക്ഷണ പ്രവൃത്തി | 98.00 | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് |
| | മൂന്നിയൂർ വള്ളിക്കുന്ന് പഞ്ചായത്തിലെ കടലുണ്ടിപ്പുഴക്ക് കുറുകെ മണ്ണട്ടാം പാറ വിയർ കം ലോക്ക് കേട്ടുവന്ന ഫുഡ് ബ്രിഡ്ജ് പുനർ നിർമാണം | 10.00 | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് |
| | മൂന്നിയൂർ ഗ്രാമ പഞ്ചായത്തിലെ മാന്തോടിന്റെ പാർശ്വഭിത്തി സംരക്ഷണവും ട്രാക്ടർ പാത്ത് നിർമ്മാണവും | 25.00 | |
| | മൂന്നിയൂർ ഗ്രാമ പഞ്ചായത്തിൽ വാർഡ് നമ്പർ 13 ൽ (വീട് നം. 13/538, ഉള്ളേരി വാസു) മുള്ളൻകുഴി പമ്പ് ഹൗസിന് മുകൾ ഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം | 56.00 | RMF ജില്ലാ വിദഗ്ധ സമിതി സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് |
| | മൂന്നിയൂർ ഗ്രാമ പഞ്ചായത്തിൽ വാർഡ് നമ്പർ 13 ൽ വീട് നമ്പർ 456 ന് സമീപം വള്ളിക്കടവ് പറമ്പിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം | 46.00 | RMF ജില്ലാ വിദഗ്ധ സമിതി സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് |
| | മൂന്നിയൂർ ഗ്രാമ പഞ്ചായത്തിൽ നമ്പുറത്ത് പറമ്പിൽ വാർഡ് നം. 1ൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം (റീച്ച് 2) | 16.6 | |

സെക്ഷൻ ഓഫീസർ